# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**GVHSS വാകേരി**

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ വാകേരി |
| വിലാസം | : വാകേരി പി.ഒ, വയനാട്, 673592 |
| സ്കൂൾ കോഡ് | : 15047 |
| വിദ്യാഭ്യാസ ഉപജില്ല | : സുൽത്താൻ ബത്തേരി |
| വിദ്യാഭ്യാസ ജില്ല | : വയനാട് |
| റവന്യൂ ജില്ല | : വയനാട് |
| ബി.ആർ.സി. | : സുൽത്താൻ ബത്തേരി |
| സി.ആർ.സി. | : പൂതാടി |
| ഗ്രാമപഞ്ചായത്ത് | : പൂതാടി, കല്ലൂർക്കുന്ന് - 13 |
| ജില്ലാപഞ്ചായത്ത് | : വയനാട് |
| നിയമസഭാമണ്ഡലം | : സുൽത്താൻ ബത്തേരി |
| ലോക്സഭാമണ്ഡലം | : വയനാട് |
| താലൂക്ക് | : സുൽത്താൻ ബത്തേരി |
| വില്ലേജ് | : ഇരുളം |
| ഇമെയിൽ | : hmgvhssvakery@gmail.com |
| വെബ്സൈറ്റ് | : http://www.vakeryschool.org |
| സ്കൂൾ വിക്കി | :https://schoolwiki.in/gvhssvkery |

# ആമുഖം

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിലെ ഉൾപ്പെട്ട ഒരു ഗ്രാമമാണ് വാകേരി . സമീപ ഗ്രാമങ്ങളായ കല്ലൂർകുന്ന്,മൂടക്കൊല്ലി,കക്കടം സി.സി, മട്ടൂർ,എടയൂർ,കൂടല്ലൂർ എന്നിവയുടെ മുഖ്യമായ കോന്ദ്രം എന്നുകൂടി വാകേരിയെ വിശേഷിപ്പിക്കാം. 'വാകേരിക്ക് അതിപ്രാചീനമായ ഒരു ചരിത്രമുണ്ട്. ഈ നാട്ടിലെ ആദിമ നിവാസികൾ വിവിധ ഗോത്രജനതകളും വയനാടൻ ചെട്ടിമാരുമാണ്. വാകേരിയുടെ ആധുനികത ആരംഭിക്കുന്നത് വയനാടൻ കുടിയേറ്റത്തോടെയാണ്.1950 കളിലും 60 കളിലുമാണ് ഈ പ്രദേശത്ത് കുടിയേറ്റം വ്യാപകമാകുന്നത്.പൂതാടി അധികാരികളുടെ ഉടമസ്ഥതയിൽ ആയിരുന്ന ഇവിടുത്തെ ഭൂമി കോഴിക്കോട് ജില്ലയിൽ നിന്നു വന്ന കച്ചവടക്കാർക്ക് വിൽക്കുന്നതോടെയാണ് കുടിയേറ്റം ആരംഭിക്കുന്നത് . ഇവിടെയെത്തി ഭൂമി വാങ്ങിയവരിൽ പ്രധാനിയായ ഒരാൾ കക്കോടൻ അഹമ്മദ് ഹാജിയാണ്. ഇദ്ദേഹം വാങ്ങിയ ഭൂമിയിലെ മരങ്ങൾ മുറിച്ചു വിറ്റ ശേഷം തിരുവിതാംകൂറിൽ നിന്നും കുടിയേറിയ ആളുകൾക്ക് ചെറുതുണ്ടുകളായി ഭൂമി വില്പ്പന നടത്തി. ഇതോടെയാണ് ഈ മേഖലയിൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി ആരംഭിക്കുന്നത്. കൂടാതെ വാകേരി ഒരു അങ്ങാടിയായി വികസിക്കുന്നതും . ഇതോടൊപ്പം അങ്ങാടിയിലേക്ക് എത്തുന്നതിനുള്ള നാട്ടുവഴികൾ ക്രമേണ ആധുനികമായ റോഡുകളായി പരിണമിക്കുകയും ചെയ്തു. ഇന്ന് വാകേരി ചെറിയൊരു അങ്ങാടിയായി വികസിച്ചിരിക്കുന്നു.

വാകേരി സ്ഥലനാമം

ഇന്നത്തെ വാകേരി പഴയകാലത്ത് മണിക്കല്ല് ചാല് എന്നാണ് അറിയപ്പെട്ടിരുന്നത്. ചാല് എന്നാൽ വഴി . തെക്ക് മട്ടൂര്,വടക്ക് കല്ലൂര്, പടിഞ്ഞാറ് ഞാറ്റാടി കിഴക്ക് കാട് (രണ്ടാം നമ്പർ)എന്നിവിടങ്ങളിൽ നിന്ന് വരുന്ന വഴികൾ സംഗമിക്കുന്ന നാൽക്കവല ആയിരുന്നു മുമ്പ് ഇവിടം. ഇതിനടുത്തുള്ള പ്രദേശത്തെ താമസക്കാരായ മുള്ളക്കുറുമരുടെ കുടിപ്പേരായ 'വാകേരി' സ്ഥലനാമമായി മാറുകയാണുണ്ടായത്. എന്നാൽ സ്കൂളും അങ്ങാടിയും ഉൾപ്പെടുന്ന പ്രദേശം മണിക്കല്ല് ചാല് എന്നാണ് അറിയപ്പെട്ടിരുന്നത് . ''അങ്ങാടിയിലുള്ള മുസ്ലീം പള്ളിയുടെ പിന്നിലായി ഒരു വലിയ കല്ല് പണ്ട് ഉണ്ടായിരുന്നു.ആ കല്ല് പൊട്ടിച്ചപ്പോൾ അതിനകത്ത് മണിയുടെ ആകൃതിയിൽ ഒരു കല്ല് ഉണ്ടായിരുന്നു. അതിനാലാണ് ഈ പ്രദേശത്തിന് മണിക്കല്ല് ചാല് എന്ന പേരുണ്ടായത്''.ഇങ്ങനെയാണ് മഞ്ഞക്കണ്ടി മാധവൻ മൂപ്പൻ പറഞ്ഞിട്ടുള്ളത് .പള്ളി പണിത കാലത്ത് ആ കല്ല് പൂർണ്ണമായും പൊട്ടിച്ച് നീക്കിയെന്നും ഇദ്ദേഹം കൂട്ടിച്ചേർത്തു. എടയൂരിനടുത്താണ് വാകേരി. മണിക്കല്ല് ചാല് എന്ന സ്ഥലനാമം എങ്ങനെ വാകേരിയായി എന്നത് ഇന്നും അജ്ഞാതമാണ്.

# L P വിഭാഗം

## മലയാള ഭാഷാ പഠനം എൽ പി വിഭാഗം 2025 -26

**ലക്ഷ്യങ്ങൾ**

# എൽ പി ക്ലാസുകളിൽ നേടാവുന്ന പരമാവധി ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു

# എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു,എഴുതുന്നു, സംസാരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.

# പ്രീ ടെസ്റ്റ് നടത്തുന്നു

# ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു.

# ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു

# കുട്ടികളുടെ സാഹിത്യാഭി രുചി വളർത്തുന്നു

# സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുന്നു

# ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നു

# ബാലസഭയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നു

# വായനക്കൂട്ടം എഴുത്തുകൂട്ടം എന്നിവ രൂപീകരിക്കുന്നു

# ഒരു കുട്ടിക്ക് ഒരു പതിപ്പ്

# ഗ്രന്ഥശാല അംഗത്വം

# വായനയുടെ വ്യത്യസ്ത മേഖലകൾ പരിചയപ്പെടുന്നു

# ആസ്വാദ്യകരമായ വായന പ്രോത്സാഹിപ്പിക്കുന്നു

# വായന സാമഗ്രി കണ്ടെത്തുന്നു -ക്യാമ്പ്

# വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നു

# മാഗസിനുകളുടെ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു

# ഭാഷയുമായി ബന്ധപ്പെട്ട സി ഡി ഐ സി ടി സാധ്യത എന്നിവ സജ്ജീകരിക്കുന്നു.

# സഞ്ചരിക്കുന്ന ലൈബ്രറി, ആസ്വാദനക്കുറിപ്പ്

# ആനുകാരിക പ്രസിദ്ധീകരണങ്ങളുടെ ഉപയോഗം വിപുലമാക്കുന്നതിന് വായനാ മൂല

# കുട്ടികളുടെ സഭാകമ്പം മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

# വിദ്യ രംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനം

# പോസ്റ്റ് ടെസ്റ്റ് നടത്തുന്നു

# കുഞ്ഞു ചിത്രകഥാസ്ഥങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

# സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും ചിത്രീകരിക്കാനും കഴിയുന്നു

# വായനയിലും എഴുത്തിലും കുട്ടിയെ സ്വയം പര്യാപ്തമാക്കുന്നു

# ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാക്കുന്നു

# രചനാ പരിചയം ശില്പശാല

മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

## മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

<u>പ്രവർത്തനങ്ങൾ</u>

# പ്രീ ടെസ്റ്റ്

# പിന്നോക്കാവസ്ഥ

# അക്ഷരമുറപ്പിക്കൽ

# അടയാളം ഉറപ്പിക്കൽ

# ചിഹ്നങ്ങൾ ഉറപ്പിക്കൽ

# വാക്കുകൾ എഴുതിയ കാർഡ്

# വാക്കുകൾ നിർമാണം

# പദശേഖരം നിഘണ്ടു നിർമ്മാണം

# ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്- മലയാളത്തിളക്കം

# ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൈത്താങ്ങ് (ICT ഉപയോഗിച്ചുള്ള പഠനം )

# അക്ഷരക്കൂട്ടം

# വായന സാമഗ്രി ശേഖരണം- ഒരു മാസം നീണ്ടു നിൽക്കുന്ന ക്യാമ്പ്

# വായനോത്സവം

# വായനാക്കുറിപ്പ് പതിപ്പ്

# വായന അനുഭവം പങ്കുവെക്കൽ

# ചർച്ച

# വായനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു

# ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം

# അമ്മ വായന മികച്ച ആസ്വാദനക്കുറിപ്പിന് സമ്മാനം

# ഏറ്റവും കൂടുതൽ പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കുന്ന കുട്ടിക്ക് സമ്മാനം

# സിനിമ പ്രദർശനം

# ജന്മദിനത്തിന് മിഠായി ഒഴിവാക്കി സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം നൽകുന്ന ആശംസ ഫോട്ടോ ബിബിയിൽ പ്രദർശിപ്പിക്കുന്നു

# പൊതുവേദിയിൽ ഉണ്ടാകുന്ന ഭയം, സഭാകമ്പം എന്നിവ ഒഴിവാക്കാൻ ക്ലാസ് റൂമിൽ ഒരു ദിവസം ഒരു കുട്ടി ഒരു വിഷയത്തിൽ പ്രസംഗം അവതരിപ്പിക്കുന്നു.

#അസംബ്ലിയിൽ പുസ്തക പരിചയം

# പത്രവായന /പോസ്റ്റർ നിർമ്മാണം

# അമ്മയോടൊപ്പം കുഞ്ഞുവായന

# കുഞ്ഞ് ചിത്രകഥാ പുസ്തകം നിർമ്മാണം

# ഒരു കുട്ടിക്ക് ഒരു മാഗസിൻ (രചനോത്സവം)

# ക്ലാസ് പത്രം സംയുക്ത ഡയറി സ്വതന്ത്ര ഡയറി കഥാ രചന, കവിതാരചന

# അക്ഷരാമൃതം,വായനാ വസന്തം

# പാട്ടിരങ്ങ്,നൃത്താവിഷ്കാരം പാവനാടകം

# റീഡേഴ്സ് തിയേറ്റർ

# ചിത്രഗ്യാലറി

# ഡോക്യുമെന്ററി പ്രവർത്തനം  കഥാപൂരണം,കവിതാ പൂരണം

# കഥാരചന ശില്പശാല /കവിത രചന ശില്പശാല

# ഊരു കൂട്ടത്തിൽ ബാലസഭ

# സാഹിത്യകാരന്മാരുടെ ചിത്ര പ്രദർശനം

# കയ്യെഴുത്ത് മാസികകൾ/ അടിക്കുറിപ്പ് മത്സരം

# പോസ്റ്റ് ടെസ്റ്റ്

| വർഷം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|
| 2025-26 | ക്ലാസ് അധ്യാപകർ<br>പി.ടി.എ | 6000<br>പി.ടി.എ<br>എസ്.എസ്.കെ |

# ഇംഗ്ലീഷ് ഭാഷാ പഠനം -എൽ പി വിഭാഗം

## ലക്ഷ്യങ്ങൾ

#ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യ മുള്ള പുതുതലമുറയെ വാർത്തെടുക്കുന്നു

# എൽ പി വിഭാഗത്തിൽ നിന്നും കടന്നുപോകുമ്പോൾ ഇംഗ്ലീഷ് എഴുതുവാനും വായിക്കാനും സംസാരിക്കുവാനും ഉള്ള കഴിവ് നേടുന്നു.

**# to communicate effectively and appropriately in real life situation**
**# to use English effectively for study purpose across the curriculum**
**# to develop the use of the language skills reading, listening, speaking,writing**
**# student should be encourage to think there are using their experience knowledge and imagination**
**# speak English with proper word stress**
**# present oral reports clearly and confidently**
**# take active part in group discussion**
**# Express Idea SIM English clearly and grammatically correct**
**# write in a style appropriate for communicate purpose**
**# summarise or make notes from a given text**

# English- Activities

**# pretest**
**# activities for English learning children we can offer games worksheets flash cards puzzles etc**
**# we can provide variety of interactive games and exercises**
**Eg: Snakes and Ladder,spelling games,memory games, matching exercise, picture quiz etc.**

#  Learn and practice English vocabulary and grammar by solving crossword puzzles
#  The phones with the number of reading skills
#  Every unit comes with set of flash cards belivered in small and large size
Eg:- body parts small flash cards
#  We can use flash cards with English alphabets
#  We can also alphabetics rhymes
Eg:- A for apple B for boy etc.
#  Picture cards
#  Kishore cartoons on children feeling to a square communicative ability and improve conversational skill
#  Give reading practice through oral talking case ICT, BB
#  Give practice to write areas copyrighting daily news reading speech etc.
#  Give a change to telling simple stories in assembly
#  Conduct English assembly pledge prayer thought of the day news reading English rhyme etc.
#  Conduct role play
#  English Bala Sabha
#  Play Word Association
Eg:- word -donkey -yellow -water
#  Guessing game
#  Vegetables and fruits activity
#  Corner library (English)
#  English theatre camp
#  Worksheets
# The start spoken English classes in our school
#  English mono act
#  English magazine

| Duration | Charge | |
| --- | --- | --- |
| 2025-26 | Class Teacher<br>English Teacher ,R P, P.T.A | 8000/-<br>SSK |

# പരിസര പഠനം

**ലക്ഷ്യങ്ങൾ**

# ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക

# ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക

# ശാസ്ത്രവബോധം ഉള്ള തലമുറയെ വളർത്തുക

# പ്രത്യക്ഷ അനുഭവത്തിലൂടെ ശാസ്ത്ര രീതികളെ മനസ്സിലാക്കുന്നതിന്

# ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ ഒരുക്കുന്നു

# ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുന്നു.

# എൽ പി വിഭാഗത്തിന് അനുയോജ്യമായ ലാബ് സൗകര്യം ഒരുക്കുന്നു

# സയൻസ് കോർണറുകളിലൂടെ ശാസ്ത്രത്തിനും വിവിധ മേഖലകളും പരിചയപ്പെടുത്തുന്നു

# ശാസ്ത്ര ഉപകരണ നിർമ്മാണ പരിശീലനം നൽകുന്നു.

# എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ശാസ്ത്രബോധം ഉറപ്പിക്കുന്നു

# ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

# കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം തിരിച്ചറിയുന്നു.

# ഭക്ഷ്യവസ്തുക്കളിലെ മായത്തിനെ കുറിച്ച് അവബോധം സൃഷ്ടിക്കുകയും...

ഭക്ഷ്യവസ്തുക്കൾ സ്വന്തം വീട്ടിൽ ഉത്പാദിപ്പിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും അവസരം നൽകുന്നു.

# പ്രകൃതി സംരക്ഷണം സാധ്യമാക്കുന്നതിന് പ്രകൃതി പഠന യാത്രകൾ നടത്തുന്നു.

# ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിൽ എൽ പി വിഭാഗം കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

# പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തുന്നു

# ലഹരി ഉപയോഗിക്കാത്ത പുതുതലമുറയെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു

# ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വ്യക്തികളുടെയും സമൂഹത്തിന്റെയും വികാസത്തിനും മുന്നോട്ടുപോക്കിനും എങ്ങനെ തടസ്സം നിൽക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കുന്നു.

# കൃഷിയുടെ നിയമ തിരിച്ചറിയുന്നതിനും വിവിധ കൃഷിരീതികൾ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

# കൃഷിപ്പതിപ്പ് നിർമ്മാണം

# മത്സ്യകൃഷി പരിചയപ്പെടുത്തുന്നു

# സയൻസ് വിനാചരണങ്ങൾ നടത്തുന്നു

# സ്വാതന്ത്ര്യസമര കാലഘട്ടവും സ്വാതന്ത്ര്യസമരസേനാനികളെ കുറിച്ച് മനസ്സിലാക്കുന്നു.

# ഭൂമിയുടെ നിലനിൽപ്പ് നമ്മുടെ കൈകളിൽ എന്ന അറിവ് മനസ്സിൽ ഉറപ്പിക്കുന്നു.

# കേരളീയ കലകളും സംസ്കാരങ്ങളും പരിചയപ്പെടുത്തുന്നു

## പ്രവർത്തനങ്ങൾ

# പ്രീ ടെസ്റ്റ്

# സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലാസുകൾ ഐ.സി.ടി.ഉപയോഗിച്ച് പഠിപ്പിക്കുന്നു.

# നിരീക്ഷണം, വർഗീകരണം താരതമ്യം, അപഗ്രഥനം നിഗമനം, തുടങ്ങിയ മേഖലകളിലൂടെ കടന്നുപോയി ഇ. വി.എസ്. പഠനം എളുപ്പമുള്ളതാക്കുവാൻ കുട്ടികളെ സഹായിക്കുന്നു.

# ലാബ് സൗകര്യം ഒരുക്കുന്നു

# വിവിധതരം ശാസ്ത്രപകരണങ്ങൾ നിർമ്മിക്കാൻ അവസരം നൽകുന്നു( മഴമാപിനി,മുച്ചട്ടി അരിപ്പ,ഗ്ലോബ് നിർമ്മാണം)

# പ്രോജക്റ്റ് വർക്കുകൾ ഓരോ പഠനത്തിന് അനുയോജ്യമായ രീതിയിൽ നടത്തുന്നു.

# സയൻസ് കോർണറുകൾ ഒരുക്കി ശാസ്ത്രമേഗസിനും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നു.

# കുട്ടികൾ ഉണ്ടാക്കിയ പഠനോപകരണങ്ങൾ ശേഖരണങ്ങൾ ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

# വാന നിരീക്ഷണ ക്യാമ്പ് സംഘടിപ്പിക്കുന്നു.

# പ്ലാനിറ്റോറിയത്തിലേക്ക് പഠനയാത്ര നടത്തുന്നു

# ശാസ്ത്ര പഠന ക്ലാസുകൾ സംഘടിപ്പിക്കുന്നു

# സ്കൂളിലെ ജൈവവൈവിധ്യ പാർക്കിന്റെ വിപുലീകരണത്തിന് കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. അനുയോജ്യമായ പഠനശേഷികളുമായി ബന്ധിപ്പിക്കുന്നു.

# പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കുന്നു. #വീഡിയോ പ്രദർശനം നടത്തുന്നു

#കാവുകൾ,കൊറ്റില്ലം,കുറുവാ ദ്വീപ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്തുന്നു.

#കുടിവെള്ള സ്രോതസ്സുകളി ലേക്ക് സന്ദർശനം നടത്തുന്നു( കേണി,തോടുകൾ, കുളങ്ങൾ,വയലുകൾ) അവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

# വീഡിയോ പ്രദർശനം( **Water- Social awareness short film** )

#ജലമലിനീകരണത്തിനെതിരെ പോസ്റ്റർ നിർമ്മാണം

# ലഘുലേഖകൾ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു

# നമ്മൾ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കളിലെ മായം പരീക്ഷണങ്ങളിലൂടെ കണ്ടെത്തുന്നു   വീഡിയോ പ്രദർശനം( കീടനാശിനി പ്രയോഗം ഭക്ഷ്യവസ്തുക്കളുടെ കൃത്രിമ വസ്തുക്കളുടെ ഉപയോഗം)

# ബോധവൽക്കരണ ക്ലാസുകൾ

# ഭൂപടമൊരുക്കൽ

# ശാസ്ത്ര വിസ്മ ചുമർ

# ശാസ്ത്ര വാർത്തകളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു

# പതിപ്പ് ചാർട്ട് ആൽബം നിർമ്മാണം

# ശുചിത്വ ക്ലബ്ബ് രൂപീകരണം #ഭക്ഷ്യമേളകൾ നാടൻ ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നു #ഫസ്റ്റ് എയ്ഡ് ബോക്സ് തയ്യാറാക്കൽ

# പാനീയമേള

#പൊതു ആരോഗ്യ ശീലങ്ങളെ കുറിച്ചുള്ള ക്ലാസുകൾ നൽകുന്നു

# **Zumba, aerobics,**വ്യായാമം, യോഗ

#ശുചിത്വ ശീലങ്ങൾ പരിചയപ്പെടുത്തുന്നു

| വർഷം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|
| 2025-26 | ക്ലാസ് അധ്യാപകർ<br>പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി,<br>ക്ലബ്ബുകൾ,ഒ.ആർ.സി<br>സയൻസ് അധ്യാപകർ | 8000/-<br>**പി.ടി.എ ,എസ്.എസ്.കെ സ്പോൺസർ ഷിപ്പ്** |

# ഗണിതം -എൽ പി വിഭാഗം

## ലക്ഷ്യങ്ങൾ

# ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിതശേഷികൾ നേടുന്നതിനും കഴിവ് വളർത്തുന്നു.

# ഗണിത നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുന്നു

# ഗണിതമാസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക

# കൃത്യതയോടെ സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ശേഷി വികസിപ്പിക്കുക

# അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

# എൽപി വിഭാഗത്തിൽ നിന്നും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നു.

# ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു.

# ഗണിത ക്ലബ്ബ് രൂപീകരണം

# അബാക്കസ് പരിശീലനം

# ദിനാചരണങ്ങൾ നടത്തുന്നു( ക്വിസ് മത്സരം)

# ഗണിതമാഗസിൻ നിർമ്മാണം

# ഒറിഗാമി, ടാൻഗ്രാം നിർമ്മാണം

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായം നൽകുന്നു.

# അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

# എൽപി വിഭാഗത്തിൽ നിന്നും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നു.

# ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു.

# ഗണിത ക്ലബ്ബ് രൂപീകരണം

# അബാക്കസ് പരിശീലനം

# ദിനാചരണങ്ങൾ നടത്തുന്നു( ക്വിസ് മത്സരം)

# ഗണിതമാഗസിൻ നിർമ്മാണം

# ഒറിഗാമി, ടാൻഗ്രാം നിർമ്മാണം സഹായം നൽകുന്നു.

# ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

# ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകുന്നു
# കറൻസിയുടെ  വിനിമയ മൂല്യം തിരിച്ചറിയുക
# രസകരമായ ഗണിതശാസ്ത്ര പഠനം കര ചലനശേഷികളുടെ വികാസവും

പ്രവർത്തനങ്ങൾ

# പ്രീ ടെസ്റ്റ്
# ഗണിതശേഷികൾ ഉറപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു
# കളക്ഷൻസ് വസ്തുക്കൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ പഠിപ്പിക്കുന്നു (ഉദാ :- മഞ്ചാടി പുളിങ്കുരു, കമ്പ് കെട്ട്)
# അബാക്കസ് ഉപയോഗിച്ച് സംഖ്യാബോധം ഉണ്ടാക്കുന്നു
# ഗണിത ശില്പശാല
# ഗണിത കിറ്റ് നിർമ്മാണം
# ഗണിത ലാബ്
# ഗണിത ചുമർ
# പ്രശ്നോത്തരി
# ഒറിഗാമി രൂപ നിർമ്മാണം
# ഗണിതോത്സവം
# സങ്കലനം ( മഞ്ചാടി പെറുക്കൽ, ഡൈസ് കളി, കൂട്ടിച്ചേർക്കൽ,എണ്ണി എടുക്കാം)
# വ്യവകലനം( എടുത്തുമാറ്റാം ഗണിത കഥകൾ, നിറം കൊടുക്കൽ,ഡൈസുകളി, ഗോട്ടികളി )
# ഗുണനം- കൂട്ടങ്ങൾ ആക്കാം കൂട്ടയിലാക്കാം )
# ഗണിത ലാബ്,ക്ലബ്ബ്

# ചാർട്ട് പസിൽ ഗെയിം ഗണിത കിറ്റിലേക്ക് ശേഖരണം അബാക്കസ് നിർമ്മാണം

# മാന്ത്രിക ചതുരം

# ലഘു  പാറ്റേൺ

# രൂപങ്ങൾ തിരിച്ചറിയുന്നതിന് ഐസിടി ഉപയോഗിച്ച് അനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യാം

# ഐസിടി -കൂട്ടാം,കുറയ്ക്കാം

# ക്ലോക്ക്(12,24 മണിക്കൂർ- ക്ലോക്ക് നിർമ്മാണം )

# ഒറിഗാമി /ടാൻഗ്രാം 12 മണിക്കൂർ 24 മണിക്കൂർ

# ത്രാസ്/എണ്ണം പഠിപ്പിക്കാം

# താനവിടെ പോക്കറ്റ് ഉപയോഗിച്ച് സ്ഥാനവിലകൾ മനസ്സിലാക്കുന്നു

# ജിഗ്സോ പസിൽ

# ഒറിഗാമി ജാപ്പനീസ് കലയായ ഒരു ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം

# സ്കെയിൽ നിർമ്മാണത്തി ലൂടെ  അളവ് പഠിക്കുന്നു

# പോസ്റ്റ് ടെസ്റ്റ്

| വർഷം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|
| 2025-26 | ക്ലാസ് അധ്യാപകർ<br>ഗണിതം അധ്യാപകർ<br>പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി. | 8000/-<br>പി.ടി.എ ,എസ്.എസ്.കെ സ്പോൺസർഷിപ്പ് |

# UP വിഭാഗം

| മേഖല യു പി മലയാളം | | | | |
|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| 1 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ,ആസ്വാദനം എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉരയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | ജൂൺ | മലയാള അധ്യാപകർ |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ വരുത്തുക | പാഠപുസ്തകം ,പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക<br>വാർത്ത വായന<br>മാസത്തിൽ ക്വിസ് മത്സരം | എല്ലാ ദിവസവും | മലയാള അധ്യാപകർ |
| 3 | മലളാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും  സർഗ്ഗാത്മക | ഇ-കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | മലയാള അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ശേഷി വളർത്തലും | | | |
| 4 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ ,ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു | അക്കാദമിക വർഷം | മലയാള അധ്യാപകർ |
| 5 | കുട്ടികളുടെ ആകാശവാണി അവതരണമികവ് | **റേഡിയോ വാകേരി 2.O**<br>എല്ലാ ദിവസവും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു<br>വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>വിവിധരംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുടെ പരിപാടികൾ അവതരിപ്പിക്കുന്നു | എല്ലാദിവസവും | മലയാള അധ്യാപകർ |

| **യു .പി .വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ-സംസ്കൃതം** | | | | |
|---|---|---|---|---|
| **SI.NO** | **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** |
| **1** | അക്ഷരജ്ഞാനം | യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പാദങ്ങളും ഉറപ്പിക്കാൻ<br>*അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ വാക്കുകൾ *എഴുതിയ കാർഡ് നിർമ്മാണം<br>*പാട്ടുകളും കഥകളും കേൾപ്പിക്കൽ<br>*ചിത്ര വായന | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| **2** | പറയാൻ പഠിക്കൽ | *ചിത്രങ്ങൾ കണ്ട് പേര് പറയൽ | അക്കാദമിക വർഷം | സംസ്കൃതം |

| | | | | |
|---|---|---|---|---|
| | | *നിത്യജീവിതത്തിലെ സംസ്കൃതപദങ്ങൾ പരിചയപ്പെടൽ | | അധ്യാപകൻ |
| 3 | വായന | *കുട്ടിയെ വായനയുടെ ലോകത്തേയ്ക്ക് കൊണ്ടുവരൽ<br>*ലളിതമായ സംസ്കൃത പുസ്തകങ്ങൾ ശേഖരണം<br>*സംസ്കൃത ലൈബ്രറി നിർമ്മാണം | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| 4 | ലേഖനം | മുൻപ് പഠിച്ച അക്ഷരങ്ങൾ കേട്ട് തിരിച്ചറിഞ്ഞ് എഴുതൽ,ബിന്ദുക്കൾ യോജിപ്പിച്ച് അക്ഷരപൂർത്തീകരണം | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| 5 | ദിനാചരണം | സംസ്കൃത ദിനം വിപുലമായി ആചരിക്കൽ,പ്രത്യേക അസംബ്ലി,സംസ്കൃത പരിപാടികൾ | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| 6 | നിഘണ്ടു നിർമ്മാണം | സംസ്കൃതത്തിൽ പുതിയതായി പഠിക്കുന്ന പദങ്ങളും അർത്ഥങ്ങളും എഴുതി വച്ച് | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| 7 | ICT | പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ ,കവിതകൾ,കലാരൂപങ്ങൾ ,ചിത്രങ്ങൾ തുടങ്ങിയവ പഠനത്തിനനുസൃതമായി ICT യുടെ സഹായത്തോടെ അവതരിപ്പിക്കൽ | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |
| 8 | സ്കോളർഷിപ്പ് | വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികളെ തയ്യാറാക്കൽ,ICT ഉപയോഗം | അക്കാദമിക വർഷം | സംസ്കൃതം അധ്യാപകൻ |

| യു .പി .വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ-അറബി | | | | |
|---|---|---|---|---|
| SI.NO | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| 1 | അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും | കേട്ടെഴുത്തുകളും ടെസ്റ്റുകളും നടത്തി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി | അക്കാദമിക വർഷം | അറബി അധ്യാപകൻ |

| | | | | |
|---|---|---|---|---|
| | നേടുക എല്ലാ അക്ഷരങ്ങളും ഉച്ചരിക്കുമ്പോഴും വ്യത്യസ്ത സന്ദർഭങ്ങളിൽ അത് എഴുതുമ്പോഴും ഉള്ള വ്യത്യാസം കുട്ടിക്ക് മനസിലാക്കാൻ സാധിക്കുക | അക്ഷരം എഴുതാനും തിരിച്ചറിയാനും പ്രയാസം അനുഭവിക്കുന്നവർക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്നു | | |
| 2 | വായന ശേഷി വർദ്ധിപ്പിക്കുക | എടുക്കുന്ന  പാഠഭാഗങ്ങൾ വീട്ടിൽ നിന്ന് വായിച്ച രക്ഷിതാവിന്റെ സഹായത്തോടെ റെക്കോർഡ് ചെയ്തു അയച്ചു കേൾപ്പിക്കാൻ ആവശ്യപ്പെടുക | അക്കാദമിക വർഷം | അറബി അധ്യാപകൻ |
| 3 | അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക അറബിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുക പദസമ്പത്തു അധികരിപ്പിക്കുക | ലഘു സംഭാഷണങ്ങൾ ചെറു വിവരങ്ങൾ എന്നിവയുള്ള വിഷയങ്ങൾ നൽകുക ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകത്തിലെ വാക്കുകൾക്ക് പുറമെ കുറച്ചു പുതിയ വാക്കുകൾ കണ്ടെത്താനോ ശേഖരിക്കാനോ സാഹചര്യമൊരുക്കുന്നു .ദൈനദിനമായി ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ നന്നായി ചെയ്യുന്നവർക്ക് സമ്മാനം നൽകുകയും ചെയ്യുക | അക്കാദമിക വർഷം | അറബി അധ്യാപകൻ |
| 4 | ദിനാചരങ്ങൾ പരിചയപ്പെടുക | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിൽ പ്ലക്കാർഡുകൾ നിർമ്മിക്കുക .ചെറിയ വിവരണങ്ങൾ നൽകുക | അക്കാദമിക വർഷം | അറബി അധ്യാപകൻ |
| 5 | കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക | ചിത്രങ്ങൾ കാലിഗ്രഫി സംഭാഷണം പദസൂര്യൻ വിവരണം കുറിപ്പുകൾ എന്നിവ ഉൾകൊള്ളുന്ന കൈയെഴുത്തു മാഗസിൻ തയ്യാറാക്കുന്നു | അക്കാദമിക വർഷം | അറബി അധ്യാപകൻ |

| മേഖല യു പി ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1 | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | **Lend your Ear** – ലളിതവും രസകരവുമായി ഇംഗ്ലീഷ് record ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നല്കുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>**Follow me if you cant** -ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നല്കുന്നു.<br>**Breaking News** - ഇംഗ്ലീഷ് ,റേഡിയോ വാർത്തകൾ ,റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു .ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു<br>**MISSING MAN** - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു.തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾക്കുന്നു ,അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>**TREASURE HUNT** - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച വിഭിന്ന അറകളാക്കുന്നു .ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച വർണിക്കുന്നു.വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു .പോയിന്റ് നൽകുന്നു .<br>**MEET THE FOREIGNER** - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു.<br>**ONE MAN SHOW**- ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിനു പ്രോത്സാഹനം നൽകുന്നു . | ജൂലൈ<br><br>ജൂൺ<br><br>നവംബർ<br><br>ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2 | ഭാവാത്മക വായന | **I TOO CAN** -<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു ലളിതമായതിൽ നിന്ന് സങ്കീർണമായതിലേക്ക്<br><br>**ALERT ZONE** -<br>സൂചന ബോർഡുകൾ ,പോസ്റ്ററുകൾ ,നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു .<br>**RUN BABY RUN** - ക്ലാസ്സിനെ ഗ്രൂപ്പുകളാക്കുന്നു .ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ച ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു .ആദ്യം വാക്കുകൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പിന് സമ്മാനം നൽകുന്നു . | ജൂലൈ<br><br>ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ |
| 3 | ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | **THE GRAND CAMP** - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളേയും സമൂഹത്തിലെ മറ്റു വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ചു ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു .5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു .<br>**LEARNING LADDER** - പാഠഭാഗത്തു നിന്നും തെരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു .മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു<br>**FM CORNER**-വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തിയേറ്റർ റേഡിയോ ,ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു .<br>**READER OF THE MONTH**-ഇംഗ്ലീഷ് ന്യൂസ്പേപ്പർ വായിക്കാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു . | സെപ്റ്റംബർ<br><br>മാസം തോറും | |
| 4 | തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | **MY DROPLETS**-കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു | | ഇംഗ്ലീഷ് അധ്യാപകർ |

| മേഖല യു പി ഹിന്ദി | | | | |
|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1 | 5,6 ,7 ക്ലാസ്സ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക . | പുതിയ പദങ്ങൾ , പാഠപുസ്തകത്തിലെ കവിതകൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കുക.<br>ക്ലാസ്സിൽ അക്ഷരമാല ചാർട്ട് പ്രദർശനം . | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |
| | | | | |

| | | | | |
|---|---|---|---|---|
| 2 | തെറ്റ് കൂടാതെ ഹിന്ദി വായിക്കുക | നിരന്തരം പുസ്തകത്തിന്റെ audio കേൾപ്പിച്ച് വായനയിൽ താത്പര്യം ഉണ്ടാക്കിയെടുക്കുക<br>അക്ഷരം എഴുത്ത് ,ചിഹ്നം ഉറപ്പിക്കൽ , അക്ഷര കാർഡ് , വാക്കുകൾ എഴുതിയ കാർഡ് , വാക്കുകൾ നിർമ്മാണം | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |
| 3 | നിത്യ ജീവിതത്തിൽ ഹിന്ദി സംസാരിക്കാനുള്ള കഴിവ് വളർത്തുക | ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കാനാവശ്യമായ പിന്തുണ നൽകുന്നു<br>**Readery Fight** – മത്സര വായന . തെറ്റ കൂടാതെ ആവർത്തിക്കാതെ കൂടുതൽ വരികൾ വായിക്കുന്നവർക്ക് സമ്മാനം<br>ഹിന്ദി ദിനാചരണത്തോട് ( സെപ്റ്റംബർ 14, ജനുവരു 10 ) അനുബന്ധിച്ച് കഥ പറയൽ ,പ്രസംഗം , കവിതാരചന,കഥാ രചന ,പോസ്റ്റർ നിർമ്മാണം | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ |

| മേഖല യു പി ഗണിതം | | | | |
|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ വരുത്തുന്നു | **ഗണിത ശില്പശാല**<br>കളിരീതിയിലൂടെയുള്ള അടിസ്ഥാന ക്രിയകൾ ഉറപ്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ് ,മഞ്ചാടിക്കുരു ,മുത്തുകൾ ,ഫ്ളാഷ് കാർഡ്... ഉപയോഗിക്കുന്നു) | ജൂലൈ | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2 | രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ .വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ , പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകരും ക്ലബ്ബ് ലീഡർമാരും |
| 3 | ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ( മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകരും ക്ലബ്ബ് ലീഡർമാരും |
| 4 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ , ചതുഷ് ക്രിയകൾ,ടാൻഗ്രാം ഇതു പോലെയുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ |
| 5 | ഗണിതത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |

| മേഖല യു പി സയൻസ് | | | | |
|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1 | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | **ഭൂമിക – ജൈവവൈവിധ്യ പാർക്ക്**<br>പച്ചക്കറിത്തോട്ടം ,ഔഷധത്തോട്ടം ,ശലഭോദ്യാനം ,മുള കൊണ്ടുള്ള ഇരിപ്പിടങ്ങൾ<br>**നേരറിവ് - ഫീൽഡ് ട്രിപ്പ്**<br>പ്രകൃതി നടത്തം ( വയൽ ,കേണി , കാവ് ,പുഴ സന്ദർശനം )<br>**ശാസ്ത്ര വെളിച്ചം - പരീക്ഷണശാല**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള ലഘുപരീക്ഷണങ്ങൾ ,പരീക്ഷണക്കിറ്റ് നിർമ്മാണം<br>പ്രഥമശുശ്രൂഷ അവബോധം സൃഷ്ടിക്കുന്നതിന് അവബോധ ക്ലാസ്സ് | അക്കാദമിക വർഷം<br>ജൂലൈ<br>ഓഗസ്ററ് | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |
| 2 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരം നൽകുന്നു .<br>**ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു .<br>**മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | | ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കുന്നു . | അക്കാദമിക വർഷം | |
| 3 | അന്വേഷണാത്മക സമീപനം രൂപപ്പെടുത്തുക | തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ .<br>സ്കൂൾ തല സയൻസ് എക്സിബിഷൻ | ഒക്ടോബർ<br><br>ഫെബ്രുവരി | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |
| 4 | ആന്തരികാവയവങ്ങളെയും ജീവന്റെ അടിസ്ഥാന ഘടകത്തെയും തിരിച്ചറിയുന്നതിനും ധർമ്മം മനസ്സിലാക്കുന്നതിനും | മോഡൽ നിർമ്മാണം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധതരം മോഡലുകളുടെ നിർമ്മാണം (വൃക്ക , ഹൃദയം , ശ്വാസകോശം , വിവിധതരം കോശങ്ങൾ ) | വർഷത്തിൽ ഒരു പ്രാവശ്യം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |
| 5 | ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ | ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ , ബോധവത്ക്കരണം എന്നിവ സംഘടിപ്പിക്കുന്നു . | | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് |

**യു .പി .വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം**

| SI.NO | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് കടങ്കഥ മത്സരം നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 2 | പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 3 | പഠിതാക്കളിൽ ലഹരിയുടെ ദോഷവശങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കൽ | അസംബ്ലിയിൽ ഏകാഭിനയം ,സ്കിറ്റ് എന്നിവ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 4 | പ്രാദേശിക ചരിത്രരചന കുട്ടികളിൽ രചനാബോധം പരിപോഷിപ്പിക്കുന്നതിന് | ചരിത്രപ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങൾ സന്ദർശിച്ച പ്രാദേശിക ചരിത്ര രചന നടത്തുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 5 | പഠനയാത്ര ചരിത്രാവബോധം കുട്ടികളിൽ വളർത്തുക | സുൽത്താൻ ബത്തേരി ജൈന ക്ഷേത്രം ,അമ്പലവയൽ മ്യൂസിയം ,എടക്കൽ ഗുഹ .പഴശ്ശി മ്യൂസിയം (മാനന്തവാടി ) | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| 6 | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി ദുരന്തം ,ഭൂകമ്പം ,സുനാമി, കൊടുങ്കാറ്റ് ,വെള്ളപ്പൊക്കം ഉരുൾപൊട്ടൽ വരൾച്ച എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസിലാക്കുകയും രക്ഷാപ്രവർത്തങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

# HS വിഭാഗം

| അക്കാദമിക് മാസ്റ്റർ പ്ലാൻ : മലയാളം ,ഹൈസ്കൂൾ വിഭാഗം 2025-2026 | | | | | |
|---|---|---|---|---|---|
| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1 | • ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്യങ്ങൾ എഴുതിയ കാർഡ്<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>• പഠന പ്രക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• വിദ്യാരംഗം യൂണിറ്റ് രൂപീകരണം<br>• വായനദിന പരിപാടികൾ | ജൂൺ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | അധ്യാപകർ |
| 2 | • കുട്ടിയെ മികച്ച | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ജൂലൈ, ആഗസ്റ്റ്, | ലൈബ്രറി | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | വായനക്കാരനാക്കുക<br>• വായന പ്രോത്സാഹിപ്പിക്കുക | • പുസ്തക ചർച്ച - ക്ലാസ് അടിസ്ഥാനത്തിൽ<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനക്കുറിപ്പ് പതിപ്പ്<br>• ബഷീർദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - (ബഷീർ കൃതി അവതരണം, ക്വിസ്, ബഷീറിനെ വരയ്ക്കൽ )<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ദിനാചരണം | സെപ്തംബർ | | |
| 3 | • കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.<br>• ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക.<br>• വിവിധ വ്യവഹാര രൂപങ്ങളെ പരിചയപെടൽ. | • എഴുത്തുക്കൂട്ടം രൂപികരണം<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>• ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ.<br>• പഠനാനുബന്ധ പ്രവർത്തനങ്ങൾ | 6 മാസം | | അധ്യാപകർ |

## The Academic Master Plan of English Based on Class 8,9,10 - 2025

It involves a structural, progressive approach to curriculum planning, skills development, and exam readiness. It can be adapted to suit different systems.

## Academic Masterplan : classes 8,9,and 10

**Objectives :**

* Build foundational knowledge (class 8)
* Strengthen conceptual understanding (class 9)
* Achieve academic excellence and exam readiness (class 10)

**Yearly Breakdown**

| Grade | Focus | Key Outcomes |
|---|---|---|
| Class8 | Foundation and Exploration | Concept clarity, curiosity, time management |
| Class 9 | Dept and Rigor | Subject mastery, critical thinking |
| Class10 | Mastery and Assessment | Board exam readiness, structured revision |
| | | |

## English (Language and Literature)

***Class 8:** Grammar, comprehension, creative writing, short stories
***class 9** : Poetry, prose, extended writing, grammar (reported speech, clauses)
***Class 10:** Literature analysis, formal letters, narrative, descriptive essays.
**Goal:** Strong vocabulary, writing practice, regular reading habits.

**Skill Development Focus**

| Skill | Activity |
|---|---|
| Time Management | Weekly Planners, Tracking sheets |
| Critical Thinking | Debates, Science Fairs, Model UN |
| Exam Readiness | Practice Papers, Mock Tests |
| Digital Literacy | MS Office, Google tools, Educational platforms |

## Assessment Plan

| Class | Frequency | Tools |
|---|---|---|
| 8 | Monthly + Terminal | Class Tests, projects |
| 9 | Monthly + Terminal | Unit Tests, lab reports |
| 10 | Weekly Tests + 2 pre-boards | Fully Syllabus Mock Exam, board pattern |

## Milestone and Targets

* Class 8 : Full syllabus completion by Feb; project submission in Jan.
*Class 9 : Lab record completion by Dec; Half yearly in Dec.
*Class 10 : Syllabus completion by Dec.

## Parental and Teacher Collaboration

.Monthly PTMs
.Performance dashboards (grades, attendance, behaviour)

.Remedial classes: based on test performance, Address learning gaps based on assessments

# *ഹിന്ദി അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26*

**പൊതുവായ ലക്ഷ്യങ്ങൾ :-**

*ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും, വായിക്കുവാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

*ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുക.

*ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

*ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| 1.അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ അക്ഷരമാല കാർഡുകൾ | |

| | |
|---|---|
| നൽകുന്നു<br>2.ഉച്ചാരണം പരിചയപ്പെടുത്താൻ ഉറക്കെ വായിപ്പിക്കുന്നു<br>3.അക്ഷരങ്ങൾ എഴുതാനും, വായിക്കാനും, കണ്ടെത്താനും ആയി ഓഡിയോ വിഷ്വൽ ഉപയോഗപ്പെടുത്തുന്നു<br>4.വായനപരിശീലനത്തിന് വേണ്ടി ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ, കഥകൾ തുടങ്ങിയവ വായനക്കായി നൽകുന്നു | ജൂൺ -ജൂലൈ |
| 5.നാമം, സർവനാമം, വിശേഷണം എന്നിവ മനസ്സിലാക്കാനായി ചാർട്ടുകൾ നൽകുന്നു.<br>6.വാക്യഘടന പരിചയപ്പെടുത്താനായി കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു | ആഗസ്റ്റ് |
| 7.പോസ്റ്റർ തയ്യാറാക്കുവാനായി വിവിധ വിഷയങ്ങൾ നൽകി മോഡൽ നൽകുന്നു<br>8.ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ്  ക്ലാസ്സിൽ അവതരിപ്പിക്കാൻ പറയുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| 9.ചെറിയ നാടകങ്ങൾ, കഥകൾ എന്നിവ വായിച്ച് തിരക്കഥ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br>10.പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകി കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു<br>11.ചെറിയ ചെറിയ സംഭവങ്ങൾ നൽകി ഡയറി തയ്യാറാക്കാനുള്ള അവസരം നൽകുന്നു<br>12.കത്ത്  തയ്യാറാക്കാനായി   തപാൽ ദിനത്തോടനുബന്ധിച്ച് "മിത്രത്തിനൊരു  കത്ത്" തയ്യാറാക്കി പോസ്റ്റ് ചെയ്യാൻ പറയുന്നു<br>13.ഹിന്ദി വാരാഘോഷ സമയത്തും, ഹിന്ദി കലോത്സവ സമയത്തും മികച്ച പങ്കാളിത്തം ഉറപ്പ് വരുത്താനായി പദ്യം ചൊല്ലൽ, കഥ, കവിത, | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി |

| | |
|---|---|
| പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | |
| * 8 ,9 ,10 ക്ലാസുകളിലെ പഠന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ |

# H S സോഷ്യൽ സയൻസ്

**സാമൂഹ്യശാസ്ത്ര പഠനത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ കോർത്തിണക്കി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെയും മറ്റ് വിവിധ ക്ലബ്ബുകളെയും ഏകോപിപ്പിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഇവിടെ മുന്നോട്ട് വെക്കുന്നത് വിദ്യാർത്ഥികളുടെ വ്യക്തിത്വ തലങ്ങളെയും സാമൂഹ്യപ്രതിബദ്ധതയും കൂട്ടിയിണക്കി അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ അക്കാദമി സാംസ്കാരികവും ഭൗതികവുമായ ഫലങ്ങളിൽ ശേഷികൾ ഉണ്ടാക്കി എടുക്കുകയാണു താഴെ പറയുന്ന പ്രവർത്തനങ്ങളുടെ ലക്ഷ്യം**

| SI NO | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | നിർവ്വഹണ ചുമതല | സമയക്രമം | ധനകാര്യ വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 1 | ലോക രാജ്യങ്ങളുടെയും | ലോക ഭൂപടം ഇന്ത്യയുടെ ഭൂപടം കേരളത്തിന്റെ ഭൂപടം രാഷ്ട്രീയ | 8,9,10 പാഠ ഭാഗവുമായി | എസ് എസ് അധ്യാപകർ | ജൂൺ,ജൂലൈ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഇന്ത്യയുടെയും സ്ഥാനം ഭൂപടങ്ങളിലും ഗ്ലോബിനും തിരിച്ചറിയുക | ഭൂപടം സാംസ്കാരിക ഭൂപടം കാലാവസ്ഥാ ഭൂപടം തുടങ്ങിയ ഭൂപടം വായന ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുന്ന പ്രധാന പ്രാദേശിക അന്തർദേശീയ ദേശീയ പ്രാദേശിക വാർത്തകളുമായി ബന്ധപ്പെട്ടുവരുന്ന തലങ്ങളെ അനുയോജ്യമായ ഭൂപടത്തിൽ അടയാളപ്പെടുത്തി ഓരോ പ്രദേശത്തിന്റെയും സ്ഥാനം മനസ്സിലാക്കുന്നു ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷതകൾ ഉൾപ്പെടുന്ന അറ്റ്ലസ് നിർമ്മാണം | ബന്ധപ്പെട്ട് | | | | |
| 2 | പ്രാദേശിക ചരിത്രത്തെക്കുറിച്ച് അറിയുന്നതിന് പ്രാദേശിക ചരിത്രരചന നടത്തുന്നു | പ്രാദേശിക ചരിത്രം സ്ഥലനാമ ചരിത്രം സ്മാരകങ്ങൾ ചരിത്രവുമായി ബന്ധപ്പെട്ട മറ്റു വസ്തുതകൾ എന്നിവ കണ്ടെത്തുന്നു | 8,9,10 പാഠ ഭാഗവുമായി ബന്ധപ്പെട്ട് | എസ് എസ് അധ്യാപകർ | | | |
| 3 | പാഠപുസ്തകവുമായി ബന്ധപ്പെട്ട പഠന ഉപകരണങ്ങളുടെ | വിവിധതരം പാഠനോപകരണങ്ങൾ പരിചയപ്പെടുന്നു | 8,9,10 പാഠ ഭാഗവുമായി ബന്ധപ്പെട്ട് | എസ് എസ് അധ്യാപകർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങൾ മോഡലുകൾ എന്നിവ നിർമ്മിക്കുന്ന ഗ്രൂപ്പ് അടിസ്ഥാനത്തിലും വ്യക്തിപരവും ഈ പ്രവർത്തനങ്ങൾ ചെയ്യുകയും മറ്റു കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നു | | | | | |
| 4 | ക്വിസ് മത്സരം ആനുകാലികം ചരിത്രം ഭൂമിശാസ്ത്രീയ വായന കുട്ടികളെ തിരഞ്ഞെടുക്കുന്നു | വിഷയങ്ങൾ സന്ദർഭാടിസ്ഥാനത്തിൽ നൽകുന്നു .എല്ലാ ആഴ്ചകളിലും നടത്തുന്നു | 8,9,10 പാഠ ഭാഗവുമായി ബന്ധപ്പെട്ട് | എസ് എസ് അധ്യാപകർ | | | |
| 5 | ദിനാചരണങ്ങൾ | വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രധാന ദിനങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുകയും അസംബ്ലിയിലൂടെയും മറ്റും അതിൻറെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്നു | 8,9,10 പാഠ ഭാഗവുമായി ബന്ധപ്പെട്ട് | എസ് എസ് അധ്യാപകർ | | | |
| 6 | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര ഭൂമിശാസ്ത്രപരമായ പുസ്തകങ്ങൾ കുട്ടികൾ 8,9,10 | 8,9,10 പാഠ ഭാഗവുമായി ബന്ധപ്പെട്ട് | എസ് എസ് അധ്യാപകർ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | പരിചയപ്പെടുത്തൽ | പാഠ ഭാഗവുമായി ബന്ധപ്പെട്ട് വായിക്കുകയും അവതരിപ്പിക്കുന്നു | | | | | |
| 7 | ഗാന്ധിജിയുടെ ആശയങ്ങൾ ഭാരതത്തിൽ ഉണ്ടാക്കിയ ഫലങ്ങൾ അവലോകനം ചെയ്യുന്നതിന് | ഗാന്ധി സ്മൃതി | ഉപരി ശേഖരണം പ്രദർശനം | എസ് എസ് ക്ലബ് | | | |
| 8 | അധ്യാപക വൃത്തിയുടെ മഹത്വം ബോധ്യപ്പെടുത്തുന്നതിന് | ഗുരുവിനെ അറിയുക | ഗുരുവന്ദനം | | | | |

# മേഖല - ഹൈസ്കൂൾ ( ഫിസിക്കൽസയൻസ്)

| SI | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | സയൻസ്- അടിസ്ഥാന ആശയങ്ങൾ | ഭൗതികശാസ്ത്രം, രസതന്ത്രം എന്നിവയിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിയും മുന്നറിവുകൾപരിശോധിച്ചും എല്ലാ തരത്തിലുമുള്ള കുട്ടികളെ പരിഗണിക്കുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ ചെയ്ത് ശാസ്ത്ര അഭിരുചി വളർത്തുന്നു. | ജൂൺ ആദ്യ ആഴ്ച | അധ്യാപകർ |
| 2 | കുട്ടികളുടെ ശാസ്ത്ര അഭിരുചി | സെമിനാർ, ദിനാചരണങ്ങളുമായ് ബന്ധപ്പെട്ട | ജൂൺ മുതൽ ഡിസംബർ | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വളർത്തുക | പ്രദർശനം, മത്സരങ്ങൾ, ക്ലാസ് .മേളകളുമായ് ബന്ധപ്പെട്ട മത്സരങ്ങൾ ,പ്രൊജക്റ്റ്, ഇൻസ്പയറിംഗ് അവാർഡ് എന്നിവ ചെയുന്നു. | വരെ | സയൻസ് ക്ലബ് |
| 3 | ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതനആശയങ്ങൾ കുട്ടികളിൽ എത്തിക്കുക | സയൻസ് ബുള്ളറ്റിൻബോർഡ്, സയൻസ് കോർണർ ,ശാസ്ത്ര രചന | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |
| 4 | പാഠഭാഗങ്ങൾ അവതരണം | പാഠഭാഗങ്ങളുമായ് ബന്ധപ്പെട്ട പരീക്ഷണം,നിരീക്ഷണപാടവം വർധിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് അധ്യാപകർ |
| 5 | യൂണിറ്റ് ടെസ്റ്റ് | ഓരോ മാസാവസാനം പൊതുവായ യൂണിറ്റ് ടെസ്റ്റ്നടത്തുന്നു.മാർക്ക് കുറഞ്ഞകുട്ടികൾക്ക് പാഠഭാഗത്തിലെ ആശയങ്ങൾ വീണ്ടും ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനം ചെയ്യുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ |
| 6 | മോഡലുകളുടെ നിർമാണം | പാഠഭാഗങ്ങളിലെ സയൻസുമായിബന്ധപ്പെട്ട വർക്കിംങ് മോഡൽ ,സ്റ്റിൽ മോഡൽ എന്നിവ കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നു.സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ് സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |
| 7 | സയൻസ് ലാബ് ശാക്തീകരണം | എല്ലാ ക്ലാസിലെയും പാഠഭാഗവുമായ ബന്ധപ്പെട്ട ഇമ്പ്രോവൈസ്ഡ് വസ്തുക്കളുടെ ശേഖരണം. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |
| 8 | ഉർജസംരക്ഷണ പ്രവർത്തനങ്ങൾ | സെമിനാർ, ബോധവത്കരണ ക്ലാസ്, പോസ്റ്റർ . | ദിർഘകാല പ്രവർത്തനം | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 9 | ഐ സി ടി അധിഷ്ഠിത ശാസ്ത്രപഠനം | ആധുനിക സാകേതകളായ പഠനവിഭവ സി ഡി കൾ ,വെബ് സൈറ്റുകൾ ,പോർട്ടലുകൾ, നവമാധ്യമങ്ങൾ, മൊബൈഫോൺ ഇന്റർനെറ്റ് സംവിധാനങ്ങൾ, ഇന്ററാക്ടിവ് ക്ലാസ്സ്റൂം,എന്നിവ ഉപയോഗപ്പെടുത്തി സൗകര്യം ഒരുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |
| 10 | പഠന പിന്നോക്കക്കാർക്കായ് അധികപരിശീലനം | ശ്രദ്ധ പദ്ധതി വിപുലീകരിച്ചുകൊണ്ട് പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മറ്റുകുട്ടിക്കള്ക്കൊപ്പം എത്തിക്കുന്നതിനായ് പ്രത്യകപരിശീലനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് അധ്യാപകർ സയൻസ് ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : ബയോളജി ,ഹൈസ്കൂൾ വിഭാഗം 2025-2026

| SI NO | പഠനമേഖല | ഉദ്ദേശ്യം | പ്രവർത്തനം/ പ്രക്രിയ | ഉല്പനങ്ങൾ | മൂല്യനിർണ്ണയം |
|---|---|---|---|---|---|
| 1 | നട്ടു നനയ്ക്കാം നൻമകൾ കൊയ്യാം. വിവിധതരം കൃഷികളെ കുറിച്ചും കാർഷിക മേഖലയിൽ വിജയംകൈവരിച്ച വ്യക്തികളെ കുറിച്ചും വളപ്രയോഗത്തെകുറിച്ചും<br><br>മികച്ച വിളവിന് ഗുണമേന്മയുള്ള വസ്തുക്കൾ | കൃഷിയിൽ താല്പര്യം ജനിപ്പിക്കുന്നതിന് വേണ്ടി<br><br>പരിസ്ഥിതി ദ്വിന ദിന | വിവിധതരം കൃഷിയിലുള്ള സാധ്യതകളും പരിമിതികളും നടിൽ വസ്തുക്കൾഉല്പാദിക്കുന്തിന വള പ്രയോഗങ്ങൾ കൃഷിയിലെവൈവിധ്യങ്ങൾഎന്നിവപരിചയപ്പെട്ടു ത്തുന്ന poster നിർമ്മാണം | അടയാളപ്പെടുത്തി പട്ടിക പ്രദർശനം സൂചകങ്ങൾ ഉത്തരം തയ്യാറാക്കാൻ | poster മൂല്യനിർണ്ണയം |

| | | | | | |
|---|---|---|---|---|---|
| | ഉല്പാദിച്ച് എടുക്കുന്ന വിദ്യ.<br>പരിസ്ഥിതിദിനം | പ്രവർത്തനങ്ങൾ | ക്വിസ്<br>ചിത്രരചന | | |
| 2 | കോശങ്ങളും<br>കോശജാലങ്ങളും<br>മൈക്രോസ്കോപ്പിന്റെ<br>ഭാഗങ്ങൾ<br>പരിചയപ്പെടുത്തൽ<br>ഉപയോഗം | മൈക്രോസ്കോപ്പിന്റെഭാഗങ്ങൾ<br>ധർമ്മങ്ങൾ എന്നിവ<br>തിരിച്ചറിയുന്ന പരീക്ഷണ വസ്തു<br>തയ്യാറാക്കുന്നു | മൈക്രോസ്കോപ്പിലൂടെ<br>നിരീക്ഷിക്കൽ ചിത്ര<br>വിശകലനം ചിത്രം<br>വരക്കൽ | വരച്ച്<br>അടയാളപ്പെടുത്തിയ<br>കോശത്തിന്റെ ചിത്രം<br>മൈക്രോസ്കോപ്പിന്റെ<br>ഭാഗങ്ങൾ<br>പരിച്ചയപ്പെടുന്നു | ചിത്രം പരീക്ഷണം<br>പ്രവർത്തനക്കുറിപ്പ് |
| 3 | *ജീവലോകത്തിന് ആഹാരം<br>പ്രകാശസംശ്ലേഷണത്തിൻ<br>റെ പ്രധാന്യം<br>ക്ലോറോപ്ലാസ്റ്റിനെഘടന* | *ഊർജ കൈമാറ്റം<br>പ്രകാശസംശ്ലേണത്തിന്റെ<br>പ്രധാന്യം ഇലകളിലെ<br>ഹരിതകങ്ങളുടെ വ്യത്യാസം* | *ചിത്ര വിശകലനം ചിത്രം<br>വരയ്ക്കൽ ഐ സി ടി* | *നിരീക്ഷണക്കുറിപ്പ്<br>അടയാളപ്പെടുത്തിയ<br>ചിത്രം* | *പ്രവർത്തന കുറിപ്പ്* |
| 4 | *ദഹനവും പോഷണവും<br>ഭക്ഷ്യവസ്തുക്കളും അവയിലെ<br>പോഷക ഘടകങ്ങളും* | *ഭഷ്യവസ്തുക്കളിലെ പോഷക<br>ഘടങ്ങൾ<br>ദഹനം മനുഷ്യൻ പശു<br>മനുഷ്യ ഹൃദയത്തിന്റെ<br>പ്രവർത്തനം<br>രോഗനിർണ്ണയ ഉപാധികൾ<br>പരിചയപ്പെടുന്നു* | *വിവിധതരത്തിലുള്ള<br>ഭാക്ഷ്യവസ്തുക്കളിൽ<br>അടങ്ങിരിക്കുന്ന<br>പോഷക ഘടങ്ങൾ ഐ<br>സി. ടി ഉപയോഗിക്കുന്നു<br>ഹൃദയ പ്രവർത്തനം<br>വിശദീകരിക്കുന്നു* | *ചിത്ര വിശകലന കുറിപ്പ്<br>തയ്യാറക്കൽ* | *ചിത്രം ,കുറിപ്പ്* |
| 5 | *ശ്വസനവും വിസർജ്ജനവും<br>മനുഷ്യന്റെ ശ്വസന വ്യവസ്ഥ* | *ശ്വസന വ്യവസ്ഥയുടെ ഭാഗങ്ങൾ<br>പരിചയപ്പെടുന്നു* | *ചിത്രവിശകലനം<br>ഫ്ലോചാർട്ട് തയ്യാറാക്കൽ<br>ഐ സി ടി ഉപയോഗം<br>മൂത്രത്തിലെ* | *ഫ്ലോചാർട്ട്<br>പ്രവർത്തന റിപ്പോർട്ട്<br>ശ്വസനവ്യവസ്ഥയുടെ<br>ഭാഗങ്ങൾ* | *പ്രവർത്തന<br>കുറിപ്പ്,പരിസ്ഥിതിയും<br>മലിനീകരണവും ചർച്ച<br>തെറ്റായആഹാരശീലങ്ങ* |

| | | | | | |
|---|---|---|---|---|---|
| | | | ഗ്ലൂക്കോസിന്റെ സാന്നിദ്ധ്യം പരിശോധിക്കുന്നു | സെമിനാർ റിപ്പോർട്ട് | ളും അമിത പോഷണവും വ്യായാമമില്ലായ്മ സെമിനാർ അവതരണം |
| 6 | ജീവന്റെ ജനിതകം | D N A യുടെ ഘടന ക്രോമസോം ഘടന സ്വഭാവങ്ങളിലെ സാമ്യ വ്യത്യാസങ്ങൾ | D NA ഘടന, ചുറ്റുഗോവണി മാതൃക,ഐ സി ടി സഹായത്തോടെ വിശദീകരിക്കുന്നു മെൻഡലിന്റെ വർഗ്ഗസങ്കരണ പരീക്ഷണങ്ങൾ ചിത്രീകരണ വിശകലനം | ഫ്ലോചാർട്ട്,കുറിപ്പ് തയ്യാരറാക്കിയത് ,മോഡൽ | കുറിപ്പ് തയ്യാരറാക്കിയത് ചിത്രീകരണം പട്ടിക പൂർത്തിയാക്കിയത് |
| 7 | പരിണാമത്തിന്റെ വഴികൾ | മനുഷ്യ പരിണാമം | ഐ സി ടി സഹായത്തോടെ Fossil തെളിവുകൾ | പട്ടിക പൂർത്തിയാക്കൽ,കുറിപ്പ് | |
| 8 | നാഡികൾ മസ്തിഷ്കം ഘടന , ധർമ്മങ്ങൾ ,വിവിധ ഇന്ദ്രിയങ്ങൾ | ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾ നാഡീവ്യവസ്ഥ | ഐ സി ടി സഹായത്തോടെ വിശദീകരിക്കുന്നു എല്ലാ ഇന്ദ്രിയങ്ങളുടെയും പ്രവർത്തനങ്ങൾ | ചിത്രം,ഇന്ദ്രിയങ്ങളുടെ സംരക്ഷണം | പട്ടിക ,ഫ്ലോചാർട്ട് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ : ഗണിതം,ഹൈസ്കൂൾ വിഭാഗം 2025-2026

| SI NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഗണിതം അടിസ്ഥാന ആശയങ്ങൾ | ഗണിതം മധുരം; അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനു മുന്നറിവുകൾ കോർത്തിണക്കുന്നു. | ജൂൺ ആദ്യ ആഴ്ച | അധ്യാപകർ |
| 2 | പാഠ ഭാഗങ്ങൾ – അവതരണം | എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളെ പരിഗണിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ | ജൂൺ ,ജൂലൈ, ആഗസ്റ്റ് | അധ്യാപകർ |
| 3 | ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | ദിന്ങളുടെ പ്രാധാന്യം . ഗണിതത്തിൽ താത്പര്യമുള്ള കുട്ടികളിലൂടെ മറ്റ് കുട്ടികളിൽ എത്തിക്കൽ | ജൂൺ ,ജൂലൈ, ആഗസ്റ്റ് | അധ്യാപകർ |
| 4 | മോഡലുകളുടെ നിർമ്മാണം | ജ്യാമിതീയരൂപങ്ങൾ കുട്ടികൾ ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ നിർമ്മിക്കുന്നു | ജൂൺ ,ജൂലൈ, ആഗസ്റ്റ് | അധ്യാപകർ |
| 5 | യൂണിറ്റ് ടെസ്റ്റ് , ഒബ്ജക്റ്റീവ് മാതൃക ടെസ്റ്റ് | ഓരോ മാസാവസാനവും പൊതുവായി യൂണിറ്റ് ടെസ്റ്റ് ഉം ഗണിതത്തിൽ താത്പര്യമുള്ള കുട്ടികൾക്കായി ഒബ്ജക്റ്റീവ് മാതൃക ടെസ്റ്റ് ഉം നടത്തുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ |
| 6 | സ്റ്റാർസ് ടെസ്റ്റ് | ഗണിതം ബുദ്ധിമുട്ടുള്ളവർക്ക് ഓരോ പാഠഭാഗത്തേയും അടിസ്ഥാനപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നു. | മാസത്തിൽ ഒന്ന്(ശനി) | അധ്യാപകർ |
| 7 | ശാസ്ത്രമേളകളിലെ പങ്കാളിത്തം | ഗണിതത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെയും താത്പര്യമുള്ള കുട്ടികളെയും ഗണിത ക്ലബ്ബിലൂടെ പരിശീലനം നൽകുന്നു. | ജൂൺ ,ജൂലൈ, ആഗസ്റ്റ് | അധ്യാപകർ |
| 8 | രക്ഷിതാക്കളിൽ ബോധവത്ക്കരണം | മാസതിതിൽ PTA മീറ്റിംഗ് വിളിക്കുന്നു | ജൂൺ ,ജൂലൈ, ആഗസ്റ്റ് | അധ്യാപകർ |